(ബി) എങ്കിൽ ആയതിന് ഈ സാമ്പത്തിക വർഷത്തിൽ തുക വകകൊള്ളിക്കുമോ ;

(സി) ഈ ഓഫീസ് എന്നു മുതൽ പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് വെളിച്ചപ്പെടുത്തുമോ ?

ഉത്തരം

(എ) പുതിയ ഓഫീസുകൾ തുടങ്ങുന്നതും തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എൻഫോഴ്സ്മെന്റ് സ്കാഡ്

107 (2820) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരി 15-ലെ ജി.ഒ. (എം.എസ്) 26/പി.ഡബ്ല്യൂ. (ട്രാൻസ്പോർട്ട്-സി) പ്രകാരം വാഹന വകുപ്പിന്റെ കീഴിൽ രൂപീകരിച്ച എൻഫോഴ്സ്മെന്റ് സ്കാഡ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ;

(ബി) പ്രവർത്തനമില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ സ്കാഡ് പ്രവർത്തിക്കാത്തത് ടെക്നിക്കൽ സ്റ്റാഫിന്റെ കുറവു മൂലമാണെങ്കിൽ ആ കുറവ് നികത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഡി) മോട്ടോർ വാഹന നികുതി ഇനത്തിൽ 1999-2000 വർഷത്തേയ്ക്ക് ലക്ഷ്യമിട്ടിരിക്കുന്ന 431 കോടി രൂപയും കേന്ദ്രമോട്ടോർ വെഹിക്കിൾ റൂൾ ഭേദഗതി അനുസരിച്ച് കിട്ടേണ്ടതായ അധിക നികുതിയും ഈ വർഷം സമാഹരിക്കുവാൻ സാധിക്കുമോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) പ്രസ്തുത നികുതികൾ പിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) സമാഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നികുതികൾ സത്വരം പിരിച്ചെടുക്കാൻ വേണ്ട കർശന നിർദ്ദേശങ്ങൾ എല്ലാ വകുപ്പുദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുണ്ട്.

മോട്ടോർ വാഹനവകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്

108 (2821) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ കേരള സർക്കാർ പ്രസിദ്ധീകരിച്ച മോട്ടോർ വാഹന വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആകെ ഉണ്ടായിരുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണം എത്രയായിരുന്നു ;

(ബി) ഇപ്പോൾ കേരളത്തിൽ എത്ര മോട്ടോർ വാഹനങ്ങളുണ്ട് ; മോട്ടോർ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) എ.എം.വി.ഐ. റാങ്ക് ലിസ്റ്റ് ഹോൾഡേഴ്സ് അസ്സോസിയേഷന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) സെക്രട്ടേറിയറ്റ് നടയിൽ ഇവർ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവരെ ചർച്ചയ്ക്ക് വിളിച്ച് സമരം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2,20,741 വാഹനങ്ങൾ

(ബി) 17,08,935 വാഹനങ്ങൾ. മോട്ടോർ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) അസോസിയേഷൻ പ്രതിനിധികളോട് കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് സ്റ്റേഷനുകൾ

109 (2822) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ചെയ്യുന്നതിന് അംഗീകൃത ടെസ്റ്റിങ് സ്റ്റേഷനുകൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly